സമ്പദ്‌രംഗം

റശീദ്ബിൻ അബ്ബാസ് കണ്ണൂർ

# ഇസ്‌ലാമിക് ഇൻഷുറൻസ്

**ഇസ്‌ലാമിക മൂല്യങ്ങൾ മുറുകെ പിടിക്കുന്നതുകൊണ്ട് ഇസ്‌ലാമിക് ഇൻഷുറൻസുകൾക്ക് വൻ സ്വീകാര്യതയാണ് ലഭിച്ചുവരുന്നത്. ഇസ്‌ലാമിക് ഇൻഷുറൻസിന്റെ വളർച്ച 15 ശതമാനം മുതൽ 20 ശതമാനം വരെയാണ് (സാമ്പത്തിക പ്രതിസന്ധി കാരണം ചെറിയ മാറ്റമുണ്ടെങ്കിലും). 2015 ആകുമ്പോഴേക്ക് അതിന്റെ ലാഭം 7.4 ബില്യൻ ഡോളർ ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്.**



*ഒരു നിശ്ചയമില്ല ഒന്നിനും, വരുമോരോദശ വന്ന പോലെ പോം.* മനുഷ്യന്റെ പ്രവർത്തനങ്ങളിൽ അനിശ്ചിതത്വം നിറഞ്ഞുനിൽക്കുന്നു. ഈ അനിശ്ചിതത്വങ്ങൾ പലപ്പോഴും അപായ സാധ്യതയുള്ളവയാണ്. മനുഷ്യൻ, അവന്റെ ജീവന്നും സ്വത്തിന്നും അപായം സംഭവിച്ചേക്കുമെന്ന് ഭയക്കുന്നു. നമ്മുടെ പൂർവികന്മാരും ഈ പ്രശ്നം അഭിമുഖീകരിച്ചിരുന്നു. അതിന് ഒരു ആശ്വാസം എന്ന നിലയിൽ സഹകരണാടിസ്ഥാനത്തിൽ തുടങ്ങിയ ഒരു സേവന വ്യവസ്ഥയാണ് ഇൻഷുറൻസ്. ഇത് നൂറ്റാണ്ടുകൾക്ക് മുമ്പ് ഇന്ത്യയിലും ബാബിലോണിലും ഉണ്ടായിരുന്നതായി ചരിത്രം രേഖപ്പെടുത്തുന്നു. ഹമ്മുറാബി നിയമ വ്യവസ്ഥയിലും *ഋഗ്വേദ*ത്തിൽ 'യോഗക്ഷേമ' എന്ന പേരിൽ ആര്യന്മാരിലെ ചില സമുദായങ്ങളിലും ഇതിന്റെ ചില സൂചനകൾ കാണാം. ബുദ്ധമത വിശ്വാസികൾ തങ്ങളിൽ പെട്ടവർ മരണപ്പെട്ടാൽ വിധവകളെയും കുടുംബത്തെയും സംരക്ഷിക്കുകയും വീട് നിർമിച്ച് നൽകുകയും ചെയ്തിരുന്നു. പ്രവാചകൻ യൂസുഫ്(അ) ക്ഷാമ കാലത്ത് വിതരണം ചെയ്യാൻ ധാന്യങ്ങൾ ശേഖരിച്ചതായി വിശുദ്ധ ഖുർആൻ പറയുന്നു. ഇവയൊന്നും ഇന്നു കാണുന്ന തരത്തിലുള്ള ഇൻഷുറൻസ് അല്ലെങ്കിലും അതിനോട് സാദൃശ്യം പുലർത്തുന്നു.

ആധുനിക ഇൻഷുറൻസിന്റെ തുടക്കം 12-ാം നൂറ്റാണ്ടിൽ നോർത്ത് ഇറ്റലിയിലെ കച്ചവടക്കാർ തുടങ്ങിയ Polizza എന്ന പേരിലുള്ള മറൈൻ ഇൻഷുറൻസിലൂടെയാണ്. 16-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ The hand in hand society യുടെ ലൈഫ് ഇൻഷുറൻസ് ആരംഭിച്ചു. ലൈഫ് ഇൻഷുറൻസ് ഇന്ത്യയിൽ തുടങ്ങിയത് 1793-ൽ ബ്രിട്ടീഷുകാരാണ്. അവരുടെ പൗരന്മാർക്കും പട്ടാളക്കാർക്കും വേണ്ടി ബോംബെയിൽ ആരംഭിച്ച Bombay Insurance Company

Ltd. അതിന് ശേഷമാണ് അപകടം, ബാധ്യത, കളവ് തുടങ്ങിയ 'മറ്റുവക' ഇൻഷുറൻസ് 16-ാം നൂറ്റാണ്ടിൽ ജർമനിയിൽ തുടങ്ങിയത്.

ഇൻഷുറൻസിനെ പൊതുവെ ജനറൽ ഇൻഷൂറൻസ് എന്നും ലൈഫ് ഇൻഷുറൻസ് എന്നും തിരിക്കാം. ഇസ്‌ലാമിക വീക്ഷണത്തിൽ ഇവ അനുവദനീയമാണോ എന്ന ചർച്ച വളരെ മുമ്പേ നടന്നു കഴിഞ്ഞതാണ്. പുതിയ രീതിയിലുള്ള ഇൻഷുറൻസുകൾ ഇസ്‌ലാം അനുവദിക്കുന്നില്ല. അതിൽ *ഗറർ* (അനിശ്ചിതത്വം, ഭാവി എന്തെന്നറിയാത്തത്) പലിശ എന്നിവ അടങ്ങിയിട്ടുണ്ട് എന്നതാണ് കാരണം. ഈ സാഹചര്യത്തിൽ മുസ്‌ലിം സമൂഹം ഇൻഷുറൻസിനെ പാടെ ഉപേക്ഷിക്കണമോ അതല്ല ഇതിനൊരു ബദൽ വേണമോ എന്ന ചോദ്യം പ്രസക്തമാണ്.

പ്രവാചകന്റെ കാലത്ത് ഇതിന് എന്തെങ്കിലും തെളിവ് ഉണ്ടോ എന്ന പഠനം പ്രാധാന്യമർഹിക്കുന്നു. നബി(സ)യുടെ കാലത്ത് *നിളാമുൽ ആഖില* എന്ന പേരിൽ ഒരു ഇൻഷുറൻസുണ്ടായിരുന്നു. ഗോത്രങ്ങൾ തമ്മിൽ നിരന്തരം യുദ്ധങ്ങൾ നടക്കുന്നത് കാരണം കൊല്ലപ്പെട്ടവന്റെ ബന്ധുക്കൾക്ക് കൊന്നവന്റെ ഗോത്രം ബ്ലഡ് മണി (നഷ്ടപരിഹാരം) നൽകിയിരുന്നു. ഗോത്രത്തലവൻമാർ അംഗങ്ങളിൽ നിന്ന് ശേഖരിച്ചാണ് അത് നൽകിയിരുന്നത്. പ്രവാചകൻ ഇതിനെ എതിർത്തിരുന്നില്ല. കൂടാതെ ഹുസൈമ ഗോത്രം ക്ഷാമകാലത്ത് അംഗങ്ങൾക്ക് വിതരണം ചെയ്യാൻ ധാന്യങ്ങൾ ശേഖരിച്ച് വെച്ചിരുന്നു. നബി(സ) അതിനെ പ്രോത്സാഹിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഞാൻ ഇവരുടെ കൂടെയാണ്'

ഹിജ്റ രണ്ടാം നൂറ്റാണ്ടിൽ (എഡി 9-ാം നൂറ്റാണ്ട്) അറബികൾ ഏഷ്യയുമായി വ്യാപാരത്തിലേർപ്പെട്ടപ്പോൾ അപകടം, കളവ് തുടങ്ങിയവയിൽ നിന്നുള്ള നഷ്ടം നികത്താൻ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്നതായി ചരിത്രത്തിൽ കാണാം.

## ഇൻഷുറൻസും ഇസ്‌ലാമിക നിയമങ്ങളും




ഇസ്‌ലാമിക നിയമപ്രകാരം സാമ്പത്തിക ഇടപാട് രണ്ട് തരത്തിലാണ്.

1) വിനിമയം, കൊടുക്കൽ വാങ്ങൽ

2) ദാനം, സഹായം

വിനിമയത്തിൽ *ഗറർ* (അനിശ്ചിതത്വം) പാടില്ല. ദാനത്തിൽ അനിശ്ചിതത്വം ആവാം. ഇസ്‌ലാമിക നിയമപ്രകാരം ഇൻഷുറൻസ് (തഅ്മീൻ) ദാനത്തിന്റെ അടിസ്ഥാനത്തിലാണ്. ഇസ്‌ലാമിക് ഇൻഷുറൻസ് (തകാഫുൽ) പ്രീമിയം സ്വീകരിക്കുന്നത് ഈ അടിസ്ഥാനത്തിലാണ്. ഇവ പലിശാധിഷ്ഠിതമായി വിനിയോഗിക്കുകയുമില്ല. ഇത് വെച്ചുകൊണ്ട് ജനറൽ ഇൻഷുറൻസിന് പണ്ഡിതന്മാർ അനുവാദം നൽകിയിട്ടുണ്ട്. ലൈഫ് ഇൻഷുറൻസ് അനുവദനീയമാണോ എന്നതാണ് പ്രശ്നം. ജീവൻ വെച്ചുള്ള ഇടപാടായതിനാലും പലിശ, അനിശ്ചിതത്വം എന്നിവയാലും ഇവ അനുവദനീയമല്ല എന്ന് ഭൂരിപക്ഷം പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു.

## ലൈഫ് ഇൻഷുറൻസ്

അപകടങ്ങൾ വർധിച്ചുവരുന്നു. കുടുംബനാഥന്മാരുടെ മരണം അവരെ ആശ്രയിക്കുന്നവർക്ക് സാമ്പത്തികവും മാനസികവുമായ പ്രയാസം സൃഷ്ടിക്കുന്നു. ദാരിദ്ര്യവും പട്ടിണിയും അവരെ കീഴ്പ്പെടുത്തുന്നു. ഈ സാഹചര്യത്തിൽ അവരെ സമൂഹത്തിന് മുമ്പിൽ യാചകരായി ജീവിക്കാൻ അനുവദിക്കണമോ അതല്ല അവരെ സംരക്ഷിക്കാനുള്ള വല്ല മാർഗവുമുണ്ടോ എന്ന ചോദ്യം ഉയരുന്നു. ലൈഫ് ഇൻഷുറൻസ് ചർച്ച പ്രസക്തമാവുന്നത് ഇവിടെയാണ്. ജീവിച്ചിരിക്കുമ്പോഴുള്ള സംരക്ഷണം ഉറപ്പുവരുത്തുന്നതു പോലെ ഭാവിയിലും സംരക്ഷണം ഉറപ്പുവരുത്താൻ ഇസ്‌ലാം കൽപിക്കുന്നു. അനന്തരാവകാശ നിയമവും വസിയ്യത്ത് നിയമവും ഇതു സൂചിപ്പിക്കുന്നു.

വിശുദ്ധ ഖുർആനും പ്രവാചകചര്യയും ഭാവി ജീവിതം സുരക്ഷിതമാക്കാൻ ആവശ്യമായ സംവിധാനമുണ്ടാക്കാൻ കൽപിച്ചിട്ടുണ്ട്. "തങ്ങളുടെ പിന്നിൽ ദുർബലരായ മക്കളെ വിട്ടു മരിച്ചുപോകാനിടയായാൽ, മരണവേളയിൽ തങ്ങളുടെ കുട്ടികളുടെ കാര്യത്തിൽ എന്തെല്ലാം ആശങ്കകൾ അവരെ ബാധിക്കുമെന്ന് ചിന്തിച്ചുകൊണ്ട് ജനങ്ങൾ ഭയപ്പെട്ടുകൊള്ളട്ടെ" (ഖുർആൻ: 4:9).

"നിനക്ക് നൽകിയതുകൊണ്ട് നീ പാരത്രിക ഗേഹം പണിയുക. ഈ ലോകത്ത് നിനക്കുള്ള പങ്ക് വിസ്മരിക്കുകയുമരുത്. അല്ലാഹു നിന്നോട് നന്മ ചെയ്തിട്ടുള്ള പോലെ നീയും നന്മ ചെയ്യുക..." (28:77). പ്രവാചകൻ അനുചരന്മാരെ അവരുടെ സ്വത്ത് മുഴുവൻ ദാനം ചെയ്യാൻ അനുവദിച്ചിരുന്നില്ല. സഅ്ദുബ്നു അബീ വഖാസിൽ നിന്ന്. അദ്ദേഹം ചോദിച്ചു: "എന്റെ ധനത്തിന്റെ മൂന്നിൽ രണ്ട് ഭാഗം ഞാൻ ദാനം ചെയ്യട്ടെയോ?" റസൂൽ പറഞ്ഞു: "അരുത്." ഞാൻ ചോദിച്ചു: "എങ്കിൽ പകുതി ഭാഗം?" റസൂൽ പറഞ്ഞു: "അരുത്." എന്നിട്ട് റസൂൽ പറഞ്ഞു: "മൂന്നിലൊന്ന് (ദാനം ചെയ്യാം). മൂന്നിലൊന്ന് തന്നെ വലുതാണ്, അല്ലെങ്കിൽ കൂടുതലാണ്. നീ നിന്റെ അനന്തരാവകാശികളെ സമ്പന്നരാക്കി വിട്ടേച്ചു പോവുന്നതാണ് അവരെ ആളുകളുടെ മുമ്പിൽ കൈനീട്ടുന്ന പരാശ്രിതരായി ഉപേക്ഷിക്കുന്നതിനേക്കാൾ നല്ലത്..." (ബുഖാരി).

ഇവയുടെ അടിസ്ഥാനത്തിൽ ഭാവിയിലേക്കുള്ള കരുതിവെപ്പ്, അതിനുള്ള വ്യവസ്ഥ ഇസ്‌ലാം അനുവദിക്കുന്നു. അനിശ്ചിതത്വം കുറക്കാനുള്ള മുൻകരുതലുകൾ എടുക്കുകയാണ് ഇവിടെ. 'ഒട്ടകത്തെ കെട്ടുക, എന്നിട്ട് തവക്കുൽ ചെയ്യുക' എന്നാണ് പ്രമാണം. ഈ അടിസ്ഥാനത്തിൽ നിന്നുകൊണ്ടാണ് പണ്ഡിതന്മാർ ലൈഫ് ഇൻഷുറൻസിന് ബദലായി ഫാമിലി തകാഫുൽ പോളിസി കൊണ്ടുവന്നത്. ഇസ്‌ലാമിക് ഇൻഷുറൻസ് (തകാഫുൽ) രണ്ട് തരത്തിലാണ്, ഇസ്‌ലാമിക് ലൈഫ് ഇൻഷൂറൻസ് (ഫാമിലി തകാഫുൽ പോളിസി), ഇസ്‌ലാമിക് ജനറൽ ഇൻഷൂറൻസ് (ജനറൽ തകാഫുൽ പോളിസി).

# ഇസ്‌ലാമിക് ഇൻഷുറൻസിന്റെ പ്രവർത്തന രീതി

ഇസ്‌ലാമിക് ഇൻഷുറൻസ് രണ്ട് രീതിയിലാണ് പ്രവർത്തിച്ചുവരുന്നത്.

1) ലാഭരഹിതം
2) വാണിജ്യപരം

**1) ലാഭരഹിതം**

ഇസ്‌ലാമിക് ഇൻഷുറൻസ് ലാഭരഹിതമായി പൂർണമായും പരസ്പര സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. ഇവിടെ ഇൻഷുറൻസ് കമ്പനികളുടെ പ്രവർത്തന ചെലവ് പോളിസി ഉടമകളിൽനിന്ന് ഈടാക്കുന്നില്ല. മിക്കവാറും സർക്കാറോ സഹകരണ സ്ഥാപനങ്ങളോ ആയിരിക്കും നടത്തിപ്പ് ചെലവ് വഹിക്കുക. സുഊദിയിലെ കോപറേറ്റീവ് ഇൻഷുറൻസ് ഉദാഹരണം. ഇത് പൂർണമായും സർക്കാർ അധീനതയിലാണ്.

**2) വാണിജ്യപരം**

ഇതിൽ തകാഫുൽ ഓപറേറ്റർ (ഇൻഷുറൻസ് കമ്പനി) തകാഫുൽ ഫണ്ട് ഉപയോഗിച്ച് നിക്ഷേപം നടത്തുന്നു. ഇതിൽ ധനക്കമ്മി അനുഭവപ്പെടുകയാണെങ്കിൽ തകാഫുൽ ഓപറേറ്റർ പലിശ രഹിത വായ്പ (ഖർദ് ഹസൻ) എടുക്കുന്നു.

മൂന്ന് തരത്തിലാണ് ഇത് പ്രവർത്തിക്കുന്നത്: വകാല (ഏജൻസി) കരാറനുസരിച്ച്, മുദാറബ അടിസ്ഥാനത്തിൽ, വകാലയും മുദാറബയും ചേർന്ന്.

**വകാല:**

കമ്പനിയും പോളിസി ഉടമകളും തമ്മിൽ കരാറിലേർപ്പെടുന്നു. കമ്പനി പോളിസി ഉടമകളുടെ ഏജന്റായി പ്രവർത്തിക്കുന്നു. ഇതിന് കമ്പനി ഫീസ് ഈടാക്കും (വകാല ഫീസ്).

**മുദാറബ:**

മുദാറബ അടിസ്ഥാനത്തിൽ കമ്പനിയും പോളിസി ഉടമകളും തമ്മിൽ കരാറിലെത്തുന്നു. ഇവിടെ കമ്പനി മുദാരിബ് (സംരഭകൻ) ആയും പോളിസി ഉടമകൾ റബ്ബുൽ മാൽ (മൂലധന ഉടമ) ആയും പ്രവർത്തിക്കുന്നു. കരാർ സമയത്ത് ലാഭം പങ്കുവെക്കേണ്ട തോത് നിശ്ചയിക്കുന്നു. ഈ തോതനുസരിച്ച് നിക്ഷേപത്തിൽ (വ്യാപാരത്തിൽ) നിന്നുള്ള ലാഭം പങ്കുവെക്കുന്നു. മുദാറബ കരാറനുസരിച്ച് നഷ്ടം മൂലധന ഉടമയാണ് വഹിക്കേണ്ടത്. പക്ഷേ സംരംഭകനാണ് നഷ്ടത്തിന് കാരണക്കാരനെങ്കിൽ അയാളും നഷ്ടം സഹിക്കണം.

**വകാലയും മുദാറബയും ചേർന്ന്**

അന്താരാഷ്ട്ര കമ്പനികളിൽ പലതും ഈ അടിസ്ഥാനത്തിലാണ് ഇൻഷുറൻസ് നടത്തുന്നത്. ബഹ്റൈൻ മോണിറ്ററി ഏജൻസി അതിനൊരുദാഹരണമാണ്. ഇതിൽ ഒരു നിശ്ചിത വകാല ഫീസിന് പുറമെ ലാഭത്തിൽ ഒരു വിഹിതവും (ആദ്യമേ അംഗീകരിച്ച തോതിൽ) കമ്പനിക്ക് നൽകണം.

ഫാമിലി തകാഫുൽ ഒരു സഹകരണ ഇൻഷുറൻസാണ്. പരസ്പര സഹകരണത്തിലൂടെയാണ് ഇത് പ്രവർത്തിക്കുന്നത്. ഏതാനും മുസ്‌ലിം പണ്ഡിതന്മാർ രൂപം നൽകിയ തകാഫുൽ ആക്ട് 1984 സെക്ഷൻ(2) പറയുന്നു: "തകാഫുൽ എന്നത്, പരസ്പര സഹായത്തിന്റെയും സാഹോദര്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും അടിസ്ഥാനത്തിലുള്ള ഒരു പദ്ധതിയാണ്. അവ അംഗങ്ങൾക്ക് ആവശ്യം വരികയാണെങ്കിൽ പരസ്പര സാമ്പത്തിക സഹായവും മറ്റു സഹായങ്ങളും നൽകുന്നു. ഇവിടെ ഈ ആവശ്യം നിറവേറ്റാൻ പരസ്പരം (ധനം) സമാഹരിക്കാമെന്ന് അംഗങ്ങൾ കരാർ ചെയ്യുന്നു"

ഫാമിലി തകാഫുൽ പോളിസിയിലും ദാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇടപാട്; നഷ്ടം സംഭവിക്കുന്നവർക്ക് പരസ്പരം സഹകരിച്ചുള്ള സഹായം എന്ന നിലയിൽ. ഈ നിക്ഷേപം പലിശാധിഷ്ഠിതമായി വിനിയോഗിക്കാൻ പാടില്ല. ഇസ്‌ലാമിക് ബാങ്കുകളെ പോലെ ഇസ്‌ലാമിക് ഇൻഷുറൻസ് സ്ഥാപനങ്ങൾക്കും ശരീഅ വിഭാഗമുണ്ട്. അവർ ഇൻഷുറൻസ് പ്രവർത്തനങ്ങൾ ഇസ്‌ലാമിക ശരീഅത്തിനനുസരിച്ചാണെന്ന് ഉറപ്പുവരുത്തുന്നു.

ഫാമിലി തകാഫുൽ പോളിസിയിൽ രണ്ട് തരത്തിലാണ് ഫണ്ട് വിനിയോഗിക്കുന്നത്. ഒന്ന്, തകാഫുൽ ഫണ്ട് (പരസ്പര സഹായം). രണ്ട്, മുദാറബ അടിസ്ഥാനത്തിൽ നിക്ഷേപിക്കുന്നു. ഇതിൽ നിന്നുള്ള ലാഭം നിശ്ചിത അനുപാതത്തിൽ കമ്പനിയും ഇൻഷൂർ ചെയ്ത വ്യക്തികളും പങ്കുവെക്കുന്നു. ഉദാഹരണത്തിന്, ഇൻഷുറൻസ് കമ്പനിയുടെ മൊത്തം തുക (പോളിസി ഉടമകളിൽ നിന്നുള്ള അടവുകൾ) രണ്ടായി വിഭജിക്കുന്നു. 40 ശതമാനം തകാഫുൽ ഫണ്ടിലേക്കും 60 ശതമാനം നിക്ഷേപാവശ്യത്തിനും (തോത് കമ്പനിയുടെ നിയമാവലി അനുസരിച്ചായിരിക്കും) ഉപയോഗിക്കുന്നു.

ആധുനിക ലൈഫ് ഇൻഷുറൻസ് പലതരത്തിലുണ്ട്. Whole Life Policy, Endowment Policy തുടങ്ങിയവയാണ് പ്രധാനപ്പെട്ടവ. Whole Life Policyയിൽ പോളിസി ഉടമ മരിച്ചാൽ മാത്രമേ ഇൻഷുറൻസ് തുക (Claim) ലഭിക്കുകയുള്ളൂ. Endowment Policyയിൽ പോളിസി കാലയളവിൽ തന്നെ Claim ലഭിക്കും. ഇതിന് മരണം നിർബന്ധമല്ല. ആദ്യത്തേത് ഇസ്‌ലാം അനുവദിക്കുന്നില്ല. Endowment Policyയാണ് ഫാമിലി തകാഫുൽ പോളിസിയിൽ ഉള്ളത്. ഇവിടെ പോളിസി ഉടമ മരണപ്പെട്ടാൽ തുകയും ലാഭവും (നിക്ഷേപത്തിൽ നിന്ന്) ഡിവിഡന്റും അവകാശികൾക്ക് നൽകും. കാലാവധി കഴിഞ്ഞിട്ടും പോളിസി ഉടമ ജീവിച്ചിരിപ്പുണ്ടെങ്കിൽ മൊത്തം അടച്ച തുകയും (പ്രീമിയം) ലാഭവും ഡിവിഡന്റും നൽകും.

ഇസ്‌ലാമിക മൂല്യങ്ങൾ മുറുകെ പിടിക്കുന്നതുകൊണ്ട് ഇസ്‌ലാമിക് ഇൻഷുറൻസുകൾക്ക് വൻ സ്വീകാര്യതയാണ് ലഭി

## ഇൻഷുറൻസുമായി ബന്ധപ്പെട്ട തെറ്റിദ്ധാരണകൾ

ഇൻഷുറൻസുമായി ബന്ധപ്പെട്ട് ധാരാളം തെറ്റിദ്ധാരണകൾ നിലവിലുണ്ട്. അതിൽ പ്രധാനപ്പെട്ട രണ്ടെണ്ണം:

**1) ഇൻഷുറൻസ് തവക്കുലിനെതിരാണ്**

മനുഷ്യ പ്രവർത്തനങ്ങൾക്ക് ദൈവ വിധിയെ തടയാനാവില്ല. പക്ഷേ ഈ വിധിയുടെ അനന്തര ഫലം കുറക്കാനാവും.

അനസ്ബിൻ മാലിക്(റ) റിപ്പോർട്ട് ചെയ്യുന്നു: ഒരാൾ പ്രവാചകനോട് ചോദിച്ചു: "ഞാൻ ഒട്ടകത്തെ കെട്ടി ദൈവത്തിൽ ഭരമേൽപിക്കണമോ, അതോ കെട്ടാതെ ഭരമേൽപിക്കണമോ." നബി(സ) പറഞ്ഞു: "നീ നിന്റെ ഒട്ടകത്തെ കെട്ടി അല്ലാഹുവിൽ ഭരമേൽപിക്കുക."

ഇതിൽ നിന്ന് മനസിലാവുന്നത്, തവക്കുലിന് മുമ്പ് കഴിയുന്ന മുൻകരുതലുകളൊക്കെ എടുക്കുന്നത് തവക്കുലിന്റെ ഭാഗമാണെന്നാണ്.

**2) ഇൻഷുറൻസ് ചൂതാട്ടമാണ്**

നഷ്ടം രണ്ട് തരത്തിലുള്ളതാണ്. ഒന്ന്, യഥാർഥ നഷ്ടം. രണ്ട്, ഊഹ നഷ്ടം. ഇവിടെ യഥാർഥ നഷ്ടം മാത്രമേ ഇൻഷുർ ചെയ്യാൻ പാടുള്ളൂ. അതിനാൽ ചൂതാട്ടം എന്ന വിഷയം തന്നെ വരുന്നില്ല. ആധുനിക ഇൻഷുറൻസ് നിയമങ്ങൾ ചൂതാട്ടം ഇൻഷുറൻസിന്റെ ഭാഗമല്ല എന്ന് പറയുന്നു.

ച്ചുവരുന്നത്. ഇസ്‌ലാമിക് ഇൻഷുറൻസിന്റെ വളർച്ച 15 ശതമാനം മുതൽ 20 ശതമാനം വരെയാണ് (സാമ്പത്തിക പ്രതിസന്ധി കാരണം ചെറിയ മാറ്റമുണ്ടെങ്കിലും). 2015 ആകുമ്പോഴേക്ക് അതിന്റെ ലാഭം 7.4 ബില്യൻ ഡോളർ ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇസ്‌ലാമിക് ഇൻഷുറൻസ് ആദ്യമായി തുടങ്ങിയത് 1979-ൽ സുഡാനിലെ ഫൈസൽ ഇസ്‌ലാമിക് ബാങ്കിന്റെ കീഴിൽ 'സുഡാൻ ഇസ്‌ലാമിക് ഇൻഷുറൻസ് കമ്പനി'യാണ്. പിന്നീട് 1981-ൽ 'ദ നാഷ്നൽ കമ്പനി ഫോർ കോ-ഓപ്പറേറ്റീവ് ഇൻഷുറൻസ്' എന്ന പേരിൽ രിയാദിൽ പൂർണമായും സർക്കാരധീനതയിൽ തുടങ്ങി. 1979ൽ ദുബൈ ഇസ്‌ലാമിക് ബാങ്കിന്റെ കീഴിൽ 'ദി അറബ് ഇസ്‌ലാമിക് ഇൻഷുറൻസ് കമ്പനി' ആരംഭിച്ചു. 1985ൽ ബഹ്റൈനിൽ 'ഇസ്‌ലാമിക് കമ്പനി ഫോർ ഇൻഷുറൻസ് ആന്റ് റീഇൻഷുറൻസ്' എന്ന പേരിൽ തുടങ്ങി. ഇന്ന് 23 രാജ്യങ്ങളിൽ 60 കമ്പനികൾ ഇസ്‌ലാമിക് ഇൻഷുറൻസ് നടത്തിവരുന്നു. ■

Rasheedbinabbas@gmail.com

**Reference**


1) Anthology of Islamic Banking - Institute of Islamic Banking and Insurance, London
2) Encyclopaedia of Islamic Banking - Institute of Islamic Banking and Insurance, London
3) Insurance and Islamic law - Dr Mohammad Muslehuddin
4) Islamic Financial Qualifications - UK
5) Management and practice of life insurance - Annamalai University.
6) 'Islamika' bimonthly (July-August) - UAE
7) *ഖുർആൻ ഭാഷ്യം* - ഐപിഎച്ച്
8) *സ്വഹീഹുൽ ബുഖാരി* (പേ: 220) ഐ.പി.എച്ച്
9) *അൽ മുആമലാതുൽ മാലിയ്യ അൽ മുആസ്വറ ഫിൽ ഫിഖ്ഹിൽ ഇസ്‌ലാമി*- ഡോ. മുഹമ്മദ് ഉസ്മാൻ ശുബൈർ